
# ഗവ: യു.പി.ജി.എസ്
# കടപ്പ



# മാസ്റ്റർ പ്ലാൻ

## - സ്കൂൾതലം -

Scanned with OKEN Scanner

# ആമുഖം

മലയാള ഭാഷയ്ക്ക് നിത്യസ്മരണീയമായ സാഹിത്യസംഭാവനകൾ നൽകിയ കണ്ണശ്ശകവികളുടെ (നിരണംകവികൾ) ജന്മം കൊണ്ട് ധന്യമായ ഗ്രാമമാണ് കടപ്ര. ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കൂൾ ആണ് കടപ്ര ഗവ. യു.പി. ജി. എസ്. കടപ്ര ഗ്രാമത്തിലെ പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ അനക്കൽ കുടുംബം നൽകിയ സ്ഥലത്താണ് 1880 ൽ സ്കൂൾ സ്ഥാപിതമായത്. 1956ൽ യു.പി. സ്കൂൾ ആയി ഉയർത്തുകയും പിന്നീട് മിക്സഡ് സ്കൂൾ ആവുകയും ചെയ്തു.

ആദ്യകാലങ്ങളിൽ ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്കൂളിൽ സാമൂഹിക മാറ്റങ്ങൾക്കനുസൃതമായി കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക



Scanned with OKEN Scanner

എന്ന ലക്ഷ്യത്തോടെ പ്രശംസനീയമായ രീതിയിൽ മുൻപോട്ട് പോകുന്നു. കാലഘട്ടത്തിന്റെ മാറ്റവും, ടെക്നോളജിയുടെ പുരോഗതിയും ഉൾക്കൊണ്ട് പഠനശേഷികൾ കൈവരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് പൊതുവായ ലക്ഷ്യം. പഠനത്തോടൊപ്പം കലാ കായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകി കുട്ടിയുടെ സമഗ്രവികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്നു.



Scanned with OKEN Scanner

# അവസ്ഥാവിശകലനം മുൻഗണനകൾ

പഠന പാഠ്യേതര വിഷയങ്ങളിൽ മികവുള്ള അധ്യാപകരാണ് സ്കൂളിന്റെ ശക്തി. കാലികമായ പരിഷ്കാരങ്ങൾ ഉൾക്കൊണ്ട് കുട്ടികളെ ഉത്തമ പൗരൻമാരായി മാറ്റിയെടുക്കാൻ ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന ഒരു ടീം ആണ് സ്കൂളിന്റെ ശക്തി. ഓരോ ക്ലാസിനും അതത് നിലവാരത്തിലുള്ള പഠന പ്രവർത്തനങ്ങൾ നൽകി പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ ആത്മാർത്ഥമായ പരിശ്രമം ഉണ്ടെങ്കിലും പഠന പിന്നോക്ക അവസ്ഥയിലായ കുട്ടികൾ ഉണ്ട്. അവർക്ക് വേണ്ടി പഠന പരിപോഷണ പരിപാടികൾ കൃത്യമായും സമയബന്ധിതമായും നടന്നു വരുന്നു.
കാലപ്പഴക്കമുള്ള കെട്ടിടങ്ങൾ എന്നത് ഇന്നത്തെ സമൂഹത്തിന്റെ മനോഭാവത്തിന് യോജിക്കുന്നില്ല എന്നതാണ് വാസ്തവം. പ്രായത്തിന്റെ

ഭാഗത്തുനിന്നുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന-
ചെയ്യുന്നുണ്ട്. ഒരു യു. പി. സ്കൂളിനെ
സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്
രക്ഷിതാക്കളുടെ പങ്കാളിത്തവും സഹകരണവും.
തീർച്ചയും സാധാരണക്കാരെങ്കിലും അധ്യാപകർക്കൊപ്പം
നിൽക്കുന്ന രക്ഷാകർതൃസമിതി സ്കൂളിന്റെ നേട്ടമാണ്.

സബ്ജില്ലാതല മത്സരങ്ങൾ / മേളകൾ
ഇവയിലെല്ലാം സ്കൂളിന്റെ പ്രാതിനിധ്യം ഉണ്ട്.
സ്കൂൾതല കലോത്സവം, കായിക / പ്രവൃത്തിപരിചയ
മേളകൾ ഇവ നടത്തി വിജയികളെ കണ്ടെത്തുകയും
സബ്ജില്ലാതലത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.
ആഴ്ചയിൽ ഒരു ദിവസം പ്രവൃത്തി പരിചയ
അധ്യാപികയുടെ സേവനം ബി. ആർ. സി.
ലഭ്യമാക്കുന്നുണ്ട്.

കലാ/കായിക അധ്യാപകരുടെ അഭാവം
പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കുന്നുണ്ട്.
ആധുനികമായ, സ്മാർട്ട് ക്ലാസ്സ് റൂമുകളോടു കൂടിയ
പുതിയ സ്കൂൾ കെട്ടിടം, അടുക്കള, ഡൈനിംഗ്
ഹാൾ ഇവയൊക്കെ പരിമിതികളായി നിലനിൽക്കുന്നു.



Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

സ്കൂളിനെ സംബന്ധിച്ച് പ്രധാനമായും രണ്ട് തരം ലക്ഷ്യങ്ങൾ ഉണ്ട്

1, അക്കാദമികം (ഹ്രസ്വകാലം)

2. ഭൗതികം (ദീർഘകാലം)

അക്കാദമിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വ്യത്യസ്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്

ഭൗതിക ലക്ഷ്യങ്ങൾ എന്നതുകൊണ്ട് സർവസജ്ജമായ, ആധുനിക രീതിയിലുള്ള സ്കൂൾ കെട്ടിടം, അടുക്കള, ഡൈനിംഗ്ഹാൾ ടോയ്‌ലറ്റ് കോംപ്ലക്സ്, ചുറ്റുമതിൽ, ഗേറ്റ്, കളിക്കളം എന്നിവയാണ് ഉദ്ദേശിക്കുന്നത്. വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.



Scanned with OKEN Scanner

# പ്രവർത്തന പദ്ധതി

ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും ഉള്ള പ്രവർത്തനങ്ങൾ കൂടാതെ സ്കൂളിലെ എല്ലാ ~~ക്ലാ~~ വിദ്യാർത്ഥികൾക്കും ബാധകമായ പ്രവർത്തനങ്ങൾ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബൂസ്റ്റർ (BOOSTER) | 3,4 ക്ലാസുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം, പൊതുവിജ്ഞാനം എന്നീ വിഷയങ്ങൾക്ക് അധിക സഹായം നൽകുക | ജൂൺ to ഫെബ്രുവരി | 3/4 ക്ലാസുകളിലെ അധ്യാപകർ | 500/- |
| ഗണിതടം | 1,2 ക്ലാസുകളിൽ ഗണിതശേഷികൾ വളർത്തുക | ജൂലൈ to ഡിസംബർ | 1,2 ക്ലാസുകളിലെ അധ്യാപകർ | 500/- |
| रोशनी | ഹിന്ദി വായന, ലേഖനം എന്നിവയിൽ അധിക സഹായം നൽകുക (യു.പി. ക്ലാസുകൾ) | ജൂൺ to ഫെബ്രുവരി | ഹിന്ദി അധ്യാപിക | 500/- |



Scanned with OKEN Scanner

| പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ ബോധിനി | യു.പി. ക്ലാസുകളിലെ മലയാളം - സർഗാത്മകതക്ക് മുൻതൂക്കം നൽകി പരിബോധിപ്പിക്കുക | ജൂൺ to ഫെബ്രുവരി | മലയാളം അധ്യാപിക | |
| Echo English | English in Communicative aspect | ജൂൺ to ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| ഭൂഗോൾ | ഗണിതം - വ്യത്യസ്ത അറിവുകൾ (വേദിക് മാത്സ് etc) | ജൂൺ to ഫെബ്രുവരി | ഗണിത അധ്യാപകർ | |
| ആകാശ ഗംഗ | ശാസ്ത്രവും സാമൂഹ്യ ശാസ്ത്രവും പരിസരങ്ങളിൽ | ജൂൺ to ഫെബ്രുവരി | ശാസ്ത്ര, സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| Knowledge Kit | പൊതുവിജ്ഞാനം അറിയിക്കുക | ജൂൺ to ഫെബ്രുവരി | അധ്യാപകർ | |



Scanned with OKEN Scanner

# വിവിധ പ്രവർത്തനങ്ങളൂടെ ഏകോപനം

ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും ഉള്ള പ്രവർത്തനങ്ങൾ ക്ലാസ്സ്തലം പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചിരിക്കുന്നു. പൊതുവായ പ്രവർത്തനങ്ങൾക്കായി ചുമതലാ വിഭജനം നടത്തി അധിക സമയം കണ്ടെത്തുന്നു. കൂടാതെ വകുപ്പ്/ഡയറ്റ്/ബിആർസി എന്നിവയുടെ നിർദ്ദേശപ്രകാരം ഉള്ള പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ ക്ലബ്ബുകൾ, വിദ്യാരംഗം എന്നിവയുടെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുക. പി.ടി.എ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി സഹകരിക്കുന്നുണ്ട്. തുടർന്നും ഈ പങ്കാളിത്തം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.



Scanned with OKEN Scanner

# മോണിറ്ററിംഗ് സംവിധാനം

ക്ലാസ്‌തല പ്രവർത്തനങ്ങൾ പ്രഥമാധ്യാപിക സമയ ബന്ധിതമായി വിലയിരുത്തുക.

SRG യിൽ അവതരണം, അവലോകനം, മികവുകൾ/ പോരായ്മകൾ - അവതരണം പരിഹാരമാർഗങ്ങൾ, മെച്ചപ്പെടുത്തൽ

പൊതുവായ പ്രവർത്തനങ്ങൾ നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ ഗുണാത്മകമായി/കൃത്യമായി നടക്കുന്നു എന്നത് ഉറപ്പുവരുത്തുക

# ഉപസംഹാരം

സമഗ്ര-ഗുണമേന്മാ പദ്ധതിയുടെ പ്രധാനലക്ഷ്യമായ ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി ഓരോ കുട്ടിയുടെയും സമഗ്രവികസനം സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കപ്പെട്ട ഈ ചട്ടക്കൂടിന് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയട്ടെ. ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തനങ്ങൾക്ക് പുറമേ ശുചിത്വ വിദ്യാലയം - ഹരിത വിദ്യാലയം, ..

ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ്, ഐ.സി.ടി ശിൽപശാലകൾ എന്നിങ്ങനെ ഇതുവരെ പരാമർശിക്കാത്ത ധാരാളം പ്രവർത്തനങ്ങൾ ഉൾച്ചേർന്നുകൊണ്ട് കൂടുതൽ പ്രവർത്തനങ്ങൾ മുൻപോട്ട് ............

Scanned with OKEN Scanner